# പതിനഞ്ചാം കേരള നിയമസഭ

## പത്താം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2024 ജനുവരി 29, തിങ്കൾ

**നമ്പർ 122**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

**ചോദ്യങ്ങൾ :**

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാലെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

(ചോദ്യോത്തരവേള ആരംഭിച്ചപ്പോൾതന്നെ പ്രതിപക്ഷ അംഗങ്ങൾ മുദ്രാവാക്യം വിളിക്കുകയും, പ്ലക്കാർഡുകൾ ഉയർത്തി സഭാനടപടികൾ തടസ്സപ്പെടുത്തുവാൻ ശ്രമിക്കുകയും ചെയ്തു.)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ ഉത്തരത്തിനുള്ള തിരുത്ത് :**

പതിനഞ്ചാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ 2023 ആഗസ്റ്റ് 8 - ാം തീയതിയിലെ നക്ഷത്രചിഹ്നമിടാത്ത 332 - ാം നമ്പർ ചോദ്യത്തിന്റെ തിരുത്തൽ വരുത്തിയ മറുപടി ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി ശ്രീ. ജി. ആർ. അനിൽ മേശപ്പുറത്തുവച്ചു.

**ചരമോപചാരം :**

മുൻ നിയമസഭാംഗങ്ങളായ എം. കെ. പ്രേംനാഥ്, ആനത്തലവട്ടം ആനന്ദൻ, ആർ. രാമചന്ദ്രൻ, കാനം രാജേന്ദ്രൻ, കെ. കുഞ്ഞിരാമൻ മുൻമന്ത്രിമാരായ പി. സിറിയക് ജോൺ, കെ. പി. വിശ്വനാഥൻ, ടി. എച്ച്. മുസ്തഫ എന്നിവരുടെ നിര്യാണം സംബന്ധിച്ച് സ്പീക്കർ റഫറൻസ് നടത്തി. പരേതരോടുള്ള ആദരസൂചകമായി അംഗങ്ങൾ അല്പനേരം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.

<u>ചെയർമാൻമാരുടെ പാനൽ</u> :

നടപ്പുസമ്മേളനത്തിലെ ചെയർമാൻമാരുടെ പാനലിലേക്ക് താഴെപ്പറയുന്ന അംഗങ്ങളെ നാമനിർദ്ദേശം ചെയ്തു.

1. ശ്രീ. കെ. ബാബു (*നെന്മാറ*)

2. ശ്രീ. പി. ബാലചന്ദ്രൻ

3. ശ്രീ. എൻ. ഷംസുദ്ദീൻ

<u>അടിയന്തരപ്രമേയം</u> :

സംസ്ഥാനത്ത് അഞ്ചു മാസമായി സാമൂഹ്യസുരക്ഷാ പെൻഷൻ മുടങ്ങിയത് കാരണം കോഴിക്കോട് ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്തിലെ മുതുകാട് വളയത്ത് ജോസഫ് ആത്മഹത്യ ചെയ്തുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതര സ്ഥിതി വിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. പി. സി. വിഷ്ണുനാഥും മറ്റ് അഞ്ച് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നല്കിയിരുന്നു. ധനകാര്യ വകുപ്പുമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

(ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ മുദ്രാവാക്യം വിളി തുടരുകയും, പ്ലക്കാർഡുകൾ ഉയർത്തി സഭാനടപടികൾ തടസ്സപ്പെടുത്തുവാൻ ശ്രമിക്കുകയും ചെയ്തു.)

<u>ശ്രദ്ധ ക്ഷണിക്കൽ</u> :

മഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രി ഉൾപ്പെടെയുള്ള സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ നടന്നുവരുന്ന ആധുനികവൽക്കരണവും വികസന പ്രവർത്തനങ്ങളും ത്വരിതപ്പെടുത്തേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. പി. നന്ദകുമാർ ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(കാര്യവിവരപട്ടികയിലെ രണ്ടാമത്തെ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ ബഹളം തുടർന്നു.)

<u>ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:</u>

ചട്ടം 304 പ്രകാരം താഴെ പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. എം. രാജഗോപാലൻ | ഉളിയംകടവിൽ റഗുലേറ്റർ കം ബ്രിഡ്ജ് | ജലവിഭവ വകുപ്പുമന്ത്രി |
| 2 | ശ്രീമതി ശാന്തകുമാരി കെ. | കാഞ്ഞിരപ്പുഴ ഡാം കമ്മീഷൻ ചെയ്യുന്നതിന് നടപടി | ജലവിഭവ വകുപ്പുമന്ത്രി |
| 3 | ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | ഈരാറ്റുപേട്ട-വാഗമൺ റോഡ് പുനർനിർമ്മാണം | ധനകാര്യ വകുപ്പുമന്ത്രി |
| 4 | ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ | കടമക്കുടി-പിഴല പാലം, വല്ലാർപാടം-പനമ്പുകാട് റിങ് ബണ്ട് റോഡ് നിർമ്മാണം | ധനകാര്യ വകുപ്പുമന്ത്രി |
| 5 | ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | പോങ്ങിൻചുവട്-എറണാകുളം റൂട്ടിൽ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് | ഗതാഗത വകുപ്പുമന്ത്രി |
| 6 | ശ്രീ. പി. പി. സുമോദ് | കാരപ്പൊറ്റ-ചൂലിപ്പാടം റോഡ് പ്രവൃത്തി | പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി |
| 7 | ശ്രീ. കെ. കെ. രാമചന്ദ്രൻ | സ്പോർട്സ് ക്വാട്ടയിൽ നിയമനം ലഭിച്ചവർക്ക് 35 വയസ്സുവരെ സൂപ്പർ ന്യൂമററി സർവ്വീസ് | ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

189/24(i)

മേശപ്പുറത്തു വച്ച കടലാസ്സുകൾ :

താഴെപറയുന്ന ഓർഡിനൻസുകൾ മേശപ്പുറത്തു വച്ചു.

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | |
|---|---|---|---|
| | വർഷം | നമ്പർ | പേര് |
| 1 | 2024 | 1 | 2023-ലെ ദി കേരള സ്റ്റേറ്റ് ഗുഡ്സ് ആന്റ് സർവ്വീസസ് ടാക്സ് (അമെന്റ്മെന്റ്) ഓർഡിനൻസ് |
| 2 | 2023 | 3 | 2023-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് |
| 3 | 2023 | 4 | 2023-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ഓർഡിനൻസ് |

ഗവർണറുടെ പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തുന്ന പ്രമേയത്തിന്മേലുള്ള ചർച്ച :

2024 ജനുവരി 25-ന് ഗവർണർ സഭയിൽ ചെയ്ത പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തികൊണ്ട് ശ്രീ. ഇ. ചന്ദ്രശേഖരൻ താഴെപ്പറയുന്ന പ്രമേയം അവതരിപ്പിച്ചു.

"2024 ജനുവരി 25 - ാം തീയതി ഗവർണർ കേരള നിയമസഭാംഗങ്ങളോട് നടത്തിയ പ്രസംഗത്തിന് നിയമസഭാംഗങ്ങൾ നന്ദി രേഖപ്പെടുത്തുന്നു."

പ്രമേയം പിൻതാങ്ങപ്പെട്ടു.

പ്രമേയത്തിന്മേലുള്ള ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല. തുടർന്ന് പ്രമേയ അവതാരകൻ ശ്രീ. ഇ. ചന്ദ്രശേഖരൻ സംസാരിച്ചു. താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു.

(സർക്കാർ നിലപാടിൽ പ്രതിപക്ഷ നേതാവ് പ്രതിഷേധം രേഖപ്പെടുത്തുകയും, പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ തുടർന്നുള്ള സഭാനടപടികൾ ബഹിഷ്കരിക്കുകയും ചെയ്തു.)

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

ശ്രീ. പി. ബാലചന്ദ്രൻ

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

ശ്രീ. പി. നന്ദകുമാർ

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

ശ്രീ. കെ. ഡി. പ്രസേനൻ

ശ്രീമതി ദെലീമ

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. മാത്യു ടി. തോമസ്

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. കെ. വി. സുമേഷ്

ചർച്ച പൂർത്തിയായില്ല.

2024 ജനുവരി 30-ാം തീയതി, ചൊവ്വാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്കുശേഷം 2.00 - ന് സഭ പിരിഞ്ഞു.

ഷാജി സി. ബേബി,

*സെക്രട്ടറി-ഇൻ-ചാർജ്ജ്.*

# FIFTEENTH KERALA LEGISLATIVE ASSEMBLY

Tenth Session

# BULLETIN – PART I

(Brief Record of Proceedings)

*Monday, January 29, 2024*

**No. 122**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Four Questions in the list of Questions posted for the day were answered orally.

[At the commencement of the Question Hour, the Members belonging to the Opposition shouted slogans, hoisted placards and tried to disrupt the proceedings.]

*Correction of answer to Unstarred Question:*

The Corrected answer to Unstarred question No. 332 dated 8th August 2023 of Tenth session of Fifteenth Kerala Legislative Assembly was laid on the Table by Shri G. R. Anil, Minister for Food and Civil supplies.

*Obituary Reference:*

The Speaker made reference on the demise of M. K. Premnath, Anathalavattom Anandan, R. Ramachandran, Kanam Rajendran and K. Kunhiraman former Members of Kerala Legislative Assembly and P. Cyriac John, K. P. Viswanathan and T. H. Musthafa former Ministers of Kerala. As a mark of respect to the deceased, the members stood in silence for a while.

*Panel of Chairmen :*

The following members were nominated to the Panel of Chairmen for the current Session of the Assembly.

1. Shri K. Babu (*Nenmara*)

2. Shri P. Balachandran

3. Shri N. Samsudheen

*Adjournment Motion:*

After hearing the Minister for Finance the Speaker withheld consent to the moving of an adjournment motion given notice of by Shri P. C. Vishnunadh and five other Members. regarding the serious situation reported to have arisen consequent to the suicide of Joseph, Muthukad Valayath in Chakkittapara Gram panchayat in Kozhikode due to the deferment of social security pension in the state for five months.

(As a mark of protest against the attitude of the Government the Members belonging to opposition shouted slogans, hoisted placards and tried to disrupt the proceedings.)

*Calling Attention :*

1.Shri P. Nandakumar called the attention of the Minister for Health and Woman and Child Development to the necessity to accelerate the ongoing modernization and developmental works in Government Medical Colleges including Manjeri Medical College. The Minister made a statement thereto.

(The Second notice listed in the List of Business was not moved. The members belonging to the opposition continued shouting of slogans.)

*The Matters under Rule 304:*

The matters raised in the House by the Members under Rule 304 are listed below;

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. എം. രാജഗോപാലൻ | ഉളിയംകടവിൽ റഗുലേറ്റർ കം ബ്രിഡ്ജ് | ജലവിഭവ വകുപ്പുമന്ത്രി |
| 2 | ശ്രീമതി ശാന്തകുമാരി കെ. | കാഞ്ഞിരപ്പുഴ ഡാം കമ്മീഷൻ ചെയ്യുന്നതിന് നടപടി | ജലവിഭവ വകുപ്പുമന്ത്രി |
| 3 | ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | ഈരാറ്റുപേട്ട-വാഗമൺ റോഡ് പുനർനിർമ്മാണം | ധനകാര്യ വകുപ്പുമന്ത്രി |
| 4 | ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ | കടമക്കുടി-പിഴല പാലം, വല്ലാർപാടം-പനമ്പുകാട് റിങ് ബണ്ട് റോഡ് നിർമ്മാണം | ധനകാര്യ വകുപ്പുമന്ത്രി |
| 5 | ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | പോഞ്ഞാശ്ശേരിൻചുവട്-എറണാകുളം റൂട്ടിൽ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് | ഗതാഗത വകുപ്പുമന്ത്രി |
| 6 | ശ്രീ. പി. പി. സുമോദ് | കാരപ്പൊറ്റ-ചുലിപ്പാടം റോഡ് പ്രവൃത്തി | പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി |
| 7 | ശ്രീ. കെ. കെ. രാമചന്ദ്രൻ | സ്പോർട്സ് ക്വാട്ടയിൽ നിയമനം ലഭിച്ചവർക്ക് 35 വയസ്സുവരെ സൂപ്പർ ന്യൂമററി സർവ്വീസ് | ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

189/24 (ii)

*Papers laid on the table :*

The following Ordinances were laid on the Table.

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | |
|---|---|---|---|
| | വർഷം | നമ്പർ | പേര് |
| 1 | 2024 | 1 | 2023-ലെ ദി കേരള സ്റ്റേറ്റ് ഗുഡ്സ് ആന്റ് സർവ്വീസസ് ടാക്സ് (അമെന്റ്മെന്റ്) ഓർഡിനൻസ് |
| 2 | 2023 | 3 | 2023-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസ് |
| 3 | 2023 | 4 | 2023-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ഓർഡിനൻസ് |

*Discussion on the motion of thanks to the Governor's Address :*

Shri E. Chandrasekharan moved the following motion thanking the Governor for his address to the Members of Kerala Legislative Assembly on 25th January, 2024.

"2024 ജനുവരി 25 - ാം തീയതി ഗവർണർ കേരള നിയമസഭാംഗങ്ങളോട് നടത്തിയ പ്രസംഗത്തിന് നിയമസഭാംഗങ്ങൾ നന്ദി രേഖപ്പെടുത്തുന്നു."

The motion was seconded.

The amendments to the motion were not moved. The discussion on the Motion of Thanks commenced with Shri. E. Chandrasekharan. The following members took part in the discussion.

(The Leader of the Opposition spoke in protest against the attitude of the Government and members belonging to Opposition boycotted the rest of the proceedings.)

Smt. K. K. Shailaja Teacher

Shri P. Balachandran

Shri Sebastian Kulathunkal

Shri P. Nandakumar

Shri Xavier Chittilapilly

Shri K. D. Prasenan

Smt. Daleema

Shri I. B. Satheesh

Shri Mathew T. Thomas

Shri K. P. Kunhammed Kutti Master

Shri G. S. Jayalal

Shri. K. V. Sumesh

The discussion was inconclusive.

The House adjourned at 02.00 p.m. to meet again at 9.00 a.m. on Tuesday, January 30, 2024.

SHAJI C. BABY,

*Secretary-in-Charge.*